

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പരപ്പ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/50/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/02/2026
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരപ്പ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുനന്തപുരം (ഇ മെ.യിൽ മുഖാന്തരം.)
ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് , കാസറഗോഡ്
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/50/2026 തീയ്യതി: 07/02/2026

കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുരേഷ്ബാബു കെ.വി	ഡെപ്യൂട്ടി ഡയറക്ടർ	08-01-2026	14-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-01-2026	14-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.തോമസ്.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കൃഞ്ഞികൃഷ്ണൻ കെ.സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഡെന്നീസ് ജോസഫ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.എം.ലക്ഷ്മി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ജോസഫ് എം ചാക്കോ	സെക്രട്ടറി	01-04-2024	30-09-2024
ശ്രീ.ബിജുകുമാർ കെ.ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-10-2024	07-10-2024
ശ്രീ.സുഹാസ് സി.എം	സെക്രട്ടറി	08-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഉമേഷ് എൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (LID&EW)	01-04-2024	31-03-2025
ശ്രീ.സനൽ എ തോമസ്	അസിസ്റ്റന്റ് എഞ്ചിനിയർ (LID&EW)	01-04-2024	31-03-2025
ഡോ.സുകു .സി	മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ	01-04-2024	31-03-2025
ഡോ.പി.കാർത്തികേയൻ	സീനിയർ വെറ്ററനറി സർജ്ജൻ	01-04-2024	31-03-2025
ശ്രീ.ശരത് ടി.വി	പട്ടിക ജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ.അരുൺ ടി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	23-08-2024
ശ്രീമതി.ഹരിത കെ.വി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	24-08-2024	16-12-2024
ശ്രീമതി.സുചിതമോൾ സി.എസ്	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	17-12-2024	31-03-2025
ശ്രീ.മനോജ് കുമാർ പി.വി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	11-09-2024
ശ്രീമതി.ഉഷ കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	12-09-2024	31-03-2025
ശ്രീ.അബിൻ മോഹൻ	വ്യവസായ വികസന ഓഫീസർ	01-04-2024	31-10-2024
ശ്രീ.സഹീർ പി.വി	വ്യവസായ വികസന ഓഫീസർ	01-11-2024	31-03-2025
ശ്രീമതി.ലത പി	ശിശുവികസന പദ്ധതി ഓഫീസർ പരപ്പ അഡീഷണൽ	01-04-2024	10-07-2024
ശ്രീമതി.സന്ധ്യ കെ	ശിശുവികസന പദ്ധതി ഓഫീസർ പരപ്പ അഡീഷണൽ	11-07-2024	19-08-2024
ശ്രീമതി.ഗീത ടി.എം	ശിശുവികസന പദ്ധതി ഓഫീസർ പരപ്പ അഡീഷണൽ	20-08-2024	31-03-2025
ശ്രീമതി.ജയശ്രീ പെരിങ്കല്ലുങ്കണ്ടി	ശിശുവികസന പദ്ധതി ഓഫീസർ പരപ്പ	01-04-2024	30-12-2024
ശ്രീമതി.റഹ്മത്ത് പി.കെ	ശിശുവികസന പദ്ധതി ഓഫീസർ പരപ്പ	31-12-2024	31-03-2025

ശ്രീ.ബിജു കെ.എൽ	ടൈബൽ ഡെവലപ്മെന്റ് ഓഫീസർ	01-04-2024	09-12-2024
ശ്രീ.സലീം താഴെ കോറോത്ത്	ടൈബൽ ഡെവലപ്മെന്റ് ഓഫീസർ	10-12-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കേന്ദ്രാവിഷ്കൃത പദ്ധതി ബാങ്ക് പലിശ വ്യത്യസ്ത ഹെഡ്ഡുകളിൽ വരവിലെടുത്തിരിക്കുന്നു.	1-1-1
3	വികസന ഫണ്ട് പൊതുവിഭാഗം ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല.	1-1-2
4	ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാദ്ധ്യത കണക്കിൽ അവ്യക്തത.	1-1-3
5	പ്രത്യേക ഉദ്ദേശ ഫണ്ട് - ബാദ്ധ്യത തുക ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-4
6	ബാദ്ധ്യതാ കണക്കിൽ കുറവ് വരുത്തിയിട്ടില്ല.	1-1-5
7	മിശ്ര വിവാഹ ധനസഹായം ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല	1-1-6
8	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	വിവിധ ഗ്രാന്റുകളുടെ വിനിയോഗം	1-4
12	പദ്ധതി അവലോകനം.	1-5
13	മഹാത്മ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
14	ക്യാഷ് പരിശോധന	1-7
15	ആഭ്യന്തര നിയന്ത്രണം	1-8
16	വാടക കുടിശ്ശിക നിലനിൽക്കുന്നു	1-9
17	കുടിവെള്ള പദ്ധതിയ്ക്കായി നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-10
18	വൃത്തി-2025-ദി ക്ലീൻ കേരള കോൺക്ലേവ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-11
19	RRF ലേക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പ് അപാകതകൾ	1-12
20	അപ്പാരൽ പാർക്ക് ഡി.പി.ആർ -കാസറഗോഡ് വികസന പാക്കേജിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല.	1-13
21	വനിത സംരംഭകർക്ക് സബ്സിഡി നൽകൽ– രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.	1-14
22	എച്ച്.എം.സി. വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-15
23	'സ്ത്രീ പദവി പഠനം' പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.	1-16
24	യു പി എസ്, എയർ കണ്ടീഷണർ എന്നിവയുടെ സാങ്കേതിക തികവ് സംബന്ധിച്ച്	1-17
25	പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല	1-18
26	ആവശ്യമായതിലും അധികമായി സാമഗ്രികൾ സംഭരിച്ചത്	1-19
27	ലൈബിലിറ്റി - പ്രോഗ്രാം/ സ്കീം ചെലവുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-20
28	ബാദ്ധ്യതാ കണക്ക് വിശദാംശങ്ങൾ ഹാജരാക്കിയില്ല.	1-21
29	നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.	1-22
30	ഹെൽത്ത് ഗ്രാന്റ് വിനിയോഗം അവലോകനം	1-23
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പദ്ധതി അവലോകനം	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3

4	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-5
6	വായ്പാ-വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ	4-9
10	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
4	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 17.05.2025 ലെ 1/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 27.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്,

07.02.2026

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

1–1–1 കേന്ദ്രാവിഷ്കൃത പദ്ധതി ബാങ്ക് പലിശ വ്യത്യസ്ത ഹെഡ്ഡുകളിൽ വരവിലെടുത്തിരിക്കുന്നു.

പി.എം.വൈ KGB ബാങ്ക് അക്കൗണ്ടിൽ (A/C No.40438100010793) 2024-25 വർഷം 86267/-രൂപ

പലിശയിനത്തിൽ വരവ് വന്നിട്ടുണ്ട്. ഇതിൽ 64188/-രൂപ ഹെഡ്ഡ് 320100110 ലും , 22079രൂപ 350800119 എന്ന ഹെഡ്ഡിലുമാണ് വരവിലെടുത്തിട്ടുള്ളത്. പ്രത്യേക ഉദ്ദേശ പദ്ധതി അക്കൗണ്ടുകളിലെ വരവ് തുകകൾ പ്രസ്തുത ഇനത്തിന്റെ ഹെഡ്ഡുകളിൽ തന്നെ വരവിലെടുക്കേണ്ടതാണെങ്കിലും മേൽ പരാമർശിച്ച അക്കൗണ്ടിലെ പലിശ വരവ് രണ്ട് ഹെഡ്ഡുകളിലായാണ് വരവിലെടുത്തിട്ടുള്ളത്. മേൽ പരാമർശിച്ച ബാങ്ക് അക്കൗണ്ടിൽ 31.03.2025ൽ നീക്കിയിരിപ്പ് 2705490/-രൂപയാണെങ്കിലും ബാലൻസ് ഷീറ്റിൽ ഹെഡ്ഡ് 320100110 പ്രകാരം നീക്കിയിരിപ്പ് 478653/-രൂപയാണ് . വ്യത്യാസം പരിശോധിച്ച് PMAYബാദ്ധ്യതാ കണക്ക് ക്രമീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് .

1-1-2 വികസന ഫണ്ട് പൊതുവിഭാഗം ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് - ജനറൽ എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവും, വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള ചെലവ് തുകയിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

ഇനം	എ.സി.ആർ പ്രകാരം ചെലവ്	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ്
വികസന ഫണ്ട് - ജനറൽ	37668450	34417410	36732820

സുലേഖ ചെലവ് പത്രികയും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസത്തിലുള്ള കാരണം മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നിർവ്വഹണം ചെയ്ത പ്രൊജക്ട് നം 65/25 (440410), വ്യവസായ വികസന ഓഫീസർ നിർവ്വഹണം ചെയ്ത പ്രൊജക്ട് നം: 120/25(1875000) എന്നിവ പ്രകാരമുള്ള ചെലവ് സുലേഖ ചെലവ് കണക്കിൽ ഉൾപ്പെടാത്തതുമൂലമാണെന്ന് അക്കൗണ്ടന്റ് അറിയിക്കുകയുണ്ടായി . എന്നാൽ ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതി പ്രകാരം കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തിന് അലോട്ട്മെന്റായി നല്കിയ 435630/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരമുള്ള പ്രസ്തുത പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല. ഈ ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവിലും ഉൾപ്പെട്ടിട്ടില്ല. ഐ.കെ.എം അധികൃതരുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട് ചെലവ് കണക്ക് ക്രമപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-3 ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാദ്ധ്യത കണക്കിൽ അവ്യക്തത.

ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച തുകയുടേയും തൻവർഷം ചെലവഴിച്ച തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	തൻവർഷം വരവ്	തൻവർഷത്തെ ചെലവ് (സുലേഖ & ACR)
ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	14107500	11046920
	883713 (ട്രഷറി)	883713
ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ബേസിക്)	6616085	8013053
ആകെ	21607298	19943686

ധനകാര്യക്കമ്മീഷൻ ഗ്രാന്റ് സുലേഖ ചെലവ് പത്രിക, എ.സി.ആർ എന്നിവ പ്രകാരമുള്ള ചെലവ് 19943686/-രൂപയാണെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത് 19736297/-രൂപയാണ്. (Capital - 18126857 + റവന്യു- 1609440 = 19736297/-). ബേസിക് ഗ്രാന്റ് ചെലവ് 207389/-രൂപ വാർഷിക ധനകാര്യപത്രിക ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ് & ബേസിക്)

31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും ഷെഡ്യൂൾ B-4പ്രകാരമുള്ള ബാധ്യതാ തുകയും ഒന്ന് തന്നെയാണ് (3903736) ബേസിക് ഗ്രാന്റ് ചെലവ് പൂർണ്ണമായി ഉൾപ്പെടുത്താതെ ബാദ്ധ്യതാ കണക്കും ബാങ്ക് ബുക്ക് ബാലൻസും പൊരുത്തപ്പെടുത്തിയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാദ്ധ്യതാ കണക്ക് ക്രമീകരിച്ച് വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 പ്രത്യക ഉദ്ദേശ ഫണ്ട് - ബാദ്ധ്യത തുക ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത പ്രത്യേക ഉദ്ദേശ പദ്ധതികളുടെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഷെഡ്യൂൾ B-4പ്രകാരമുള്ള ബാധ്യതാ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	ഷെഡ്യൂൾ B-17പ്രകാരം നീക്കിയിരിപ്പ്	ഷെഡ്യൂൾ B-4 ബാദ്ധ്യത	വ്യത്യാസം
ടോട്ടൽ സാനിറ്റേഷൻ	6312129	6168306	143823

1-1-5 ബാദ്ധ്യതാ കണക്കിൽ കുറവ് വരുത്തിയിട്ടില്ല.

കോർപ്പസ് ഫണ്ടിനത്തിൽ A/C NO 40438100011224 (KGB) ൽ നീക്കിയിരിപ്പുണ്ടായിരുന്ന 1506186/- രൂപ 22400458/28.02.2025 (Ch.No.0383165 Dt.13.11.24) പ്രകാരം പിൻവലിച്ച് സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതാ കണക്കിൽ (HEAD 320800199) നിന്നും പ്രസ്തുത തുക കുറവ് വരുത്തിയിട്ടില്ല. ബാദ്ധ്യതാ കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

1-1-6 മിശ്ര വിവാഹ ധനസഹായം ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

മിശ്രവിവാഹ ധനസഹായമിനത്തിൽ ചുവടെ ചേർത്ത പ്രകാരം ഓഡിറ്റ് വർഷം 60000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം.24200563007301320890/തിയതി:30-01-2025 =30000/-

ബിൽ നം.24200563007301717718/തിയതി:25-03-2025 =30000/-

പ്രസ്തുത തുകയുടെ വരവ് ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ബ്ലോക്ക് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

1-2 ബജറ്റ്

2024-25വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
ഭരണ സമിതി തീരുമാനം , തിയതി	1/1 തിയതി. 14.02.2024	ലഭ്യമല്ല*
മുന്നിരിപ്പ്	34614159	3842514
വരവ്	729304000	215634704
ആകെ	763918159	219477218

ചെലവ്	763676559	219138814
നീക്കിയിരിപ്പ്	241600	338404

*2024-25 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചതിന്റെ വിശദാംശം /തീരുമാനങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. 2025-26 വർഷത്തെ ബജറ്റ് 24-03-2025 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിരുന്നു. 2025-26 വർഷത്തെ ബജറ്റിന്റെ അച്ചടിച്ച കോപ്പിയിൽ രേഖപ്പെടുത്തിയ 2024-25 വർഷത്തെ പുതുക്കിയ ബജറ്റിന്റെ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

വർഷം	2024-25
മുന്നിരിപ്പ്	33566110
വരവ്	114602630
ആകെ	148168740
ചെലവ്	117553163
നീക്കിയിരിപ്പ്	30615577
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1,10,08,600/-

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	37917000	37917000	37168450*	0	748550
വികസനഫണ്ട് എസ്.സി.പി.	0	1437000	1437000	1437000	0	0
വികസനഫണ്ട് ടി.എസ്.പി.	0	20511000	20511000	20511000	0	0
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	8751000	8751000	8245949	0	505051
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്	1801873	6616085	8417958	8013053	404905	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)-	230862	14107500	14338862	11046920	3291442	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- ടഷറി		883713	883713	883713	0	0
ബിഫണ്ട്	-					
ഇന്റർ കാസ്റ്റ് മാര്യേജ്	0	60000	60000	60000	0	0
സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്)	6666652	1643000	8309652	1643000	6666652	-
സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്)	0	6940000	6940000	6940000	0	0
കേന്ദ്രാവിഷ്കൃത പദ്ധതികൾ						
തൊഴിലുറപ്പ് പദ്ധതി	1305	2146853	2148158	1603510	544648	-
ടോട്ടൽ സാനിറ്റേഷൻ	6137103	175026	6312129	0	6312129	0
ടോട്ടൽ സാനിറ്റേഷൻ IEC	31267	893	32160	0	32160	0
IWMP നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി	90,78,570	258914	9337484	0	9337484	0
ഹെൽത്ത് ഗ്രാന്റ്	30786	4226593	4257379	1236	4256143	
പൈക്ക	16,219	476	16695	0	16695	0
Pmay KGB 10793	3115223	86267	3201490	496000	2705490	

IAY സ്റ്റേറ്റ് ഷെയർ KGB 012992	3306003	94285	3400288	0	3400288	
സംസ്ഥാനാവിഷ്കൃത പദ്ധതി						
കോർപ്പസ് ഫണ്ട്	14,79,007	27179	1506186	1506186	0	0
കേരളോത്സവം	1,08,077	2228	110305	102368	7937	0
ജല അതോറിറ്റിയിൽ നിന്നും തിരികെ വന്നത്	0	2800000	2800000	2800000	0	0

കുറിപ്പ്:

1) വികസന ഫണ്ട് പൊതു വിഭാഗം - സുലേഖ ചെലവ് കണക്കിൽ ഉൾപ്പെടാതിരുന്ന 2751040/- രൂപയുടെ ചെലവ് മേൽ പട്ടികയിൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) കോർപ്പസ് ഫണ്ട് ബാങ്ക് അക്കൗണ്ട് പ്രകാരം നീക്കിയിരിപ്പുണ്ടായിരുന്ന 1506186/-രൂപയും ജല അതോറിറ്റിയിൽ 2017-18വർഷം നിക്ഷേപ പ്രവൃത്തിക്കായി നല്കിയ തുകയിൽ തിരികെ ലഭ്യമായ 2800000/-രൂപ യും തൻ വർഷം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്.

3) ധനകാര്യക്കമ്മീഷൻ ബാദ്ധ്യതാ കണക്ക് പൊരുത്തക്കേടുകൾ സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിൽ ഖ:.1-1-3 ൽ പരാമർശിച്ചിട്ടുണ്ട്.

4) ശുചിത്വമിഷൻ ബാദ്ധ്യതാ കണക്കും ബാങ്ക് ബുക്ക് കണക്കും തമ്മിൽ വ്യത്യാസമുണ്ട്. ഈ കാര്യം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-4 ൽ പരാമർശിച്ചിട്ടുണ്ട്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത്(എണ്ണം)	അടങ്കൽ	നടപ്പാക്കിയത്	ചെലവ്	ഭാഗീകമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
150	197359238	117	97095447	16	33	67.33

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

ക്രമനം	നിർവ്വഹണോദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം		2024- നടപ്പാക്കിയ പദ്ധതികളുടെ വിവരം		ചെലവ് ശതമാനം.
		എണ്ണം	അടങ്കൽ	എണ്ണം	ചെലവ് തുക	
1	സെക്രട്ടറി	46	118743593	36	44879504	37.80
2	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	3	2243536	2	2041626	91.00
3	അസിസ്റ്റന്റ് എഞ്ചിനിയർ	51	38099422	45	24468214	64.22
4	അസി.ഡയറക്ടർ കൃഷി	5	646184	5	646184	100
5	മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി	22	20599515	17	9977219	48.43
	- ടി – സുലേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ട്	1	440410	1	440410	100
6	ശിശു വികസന പദ്ധതി ഓഫീസർ	10	3622304	0	3458144	95.47
7	പട്ടിക വർഗ്ഗ വികസന ഓഫീസർ	0	0	0	0	0

8	പട്ടികജാതി വികസന ഓഫീസർ	4	724784	4	714449	98.57
9	ഡയറി എക്സ്റ്റൻഷൻ ഓഫീസർ & സീനിയർ വെറ്റിനറി സർജ്ജൻ	5	7574683	4	6510003	91.69
	- ടി – സുലേഖയിൽ ഉൾപ്പെടാത്ത ചെലവ്	0	0	0	435630	
10	വ്യവസായ വികസന ഓഫീസർ	2	2433333	2	1649064	67.77
	- ടി – സുലേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ട്	1	2231474	1	1875000	84.02
		150	197359238	117	97095447	49.19

കുറിപ്പ്: വികസന ഫണ്ട് പൊതു വിഭാഗം - സുലേഖ ചെലവ് കണക്കിൽ ഉൾപ്പെടാതിരുന്ന 2751040/- രൂപയുടെ ചെലവ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-6 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവ്	1305	2146853	2148158	1603510	544648

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2026 ന് 11.10 Am മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) ജീവനക്കാരുടെ ജോലി വിഭജനം നടത്തിയതുമായി ബന്ധപ്പെട്ട വിശദമായ ഓഫീസ് ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 16.01.2023 മുതലുള്ള ഓഫീസ് ഓർഡർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കി. ഓഡിറ്റ് വർഷം 12തവണ ഓഫീസ് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിനുട്സ് ബുക്കിൽ മിക്ക യോഗങ്ങളുടേയും തീരുമാനങ്ങൾ പൂർത്തീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. യോഗ തീരുമാനങ്ങൾ ക്ലോസ്സ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) സകർമ്മാ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി മിനിട്സും, സ്റ്റാന്റിംഗ്കമ്മറ്റി മിനുട്സുകളും യഥാസമയം പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) തനതു വരുമാനസ്രോതസായ വാടക കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമി ഉൾപ്പടെയുള്ള സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി

സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ഓഡിറ്റ് വർഷം പ്രൊക്യൂർമെന്റ് സമിതി 11 തവണ യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടത്തേണ്ട സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി, കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കി വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്.

7) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേണ്ടതാണ്.

8) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 വാടക കുടിശ്ശിക നിലനിൽക്കുന്നു

പരപ്പ ബ്ളോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക കണക്കുകളിലെ B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ താഴെ പറയും പ്രകാരം കുടിശ്ശികയുണ്ട്.

ഹെഡ്	ഇനം	തുക
431400102	Rent Receivable From Buildings(Arrears)	68160
ആകെ		68160

കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കി, കുടിശ്ശികയുടെ ഇനം തിരിച്ചുള്ള വിവരം,കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (05.01.2026 തീയതിയിലെ 5ാം നമ്പർ ഓഡിറ്റ് അന്വേഷണം)മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-10 കുടിവെള്ള പദ്ധതിയ്ക്കായി നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് ചുവടെ ചേർത്ത പ്രകാരം 5679137 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ എജൻസി	പ്രൊജക്ടിന്റെ പേര്	വൗച്ചർ നം /ബിൽ .നം	മുൻക്കൂർ നൽകിയ തുക
KWA	160/25 – പരിയാരം കുടിവെള്ള പദ്ധതി ബാക്കി തുക നൽകൽ	ബിൽ നം. 24200563007301401915 Dt. 28.02.2025	441857
		ബിൽ നം. 24200563007301612316 Dt. 20.03.2025	441856
GWD	9/25- നായിക്കയം കുടിവെള്ള പദ്ധതി	XVFC/24-25/P/96/Dt. 15.02.2025	94935

	(കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്)	XVFC/24-25/P/118/Dt. 25.03.2025	657000
GWD	6/25- പുളിങ്കല്ല് കുടിവെള്ള പദ്ധതി (പനത്തടി ഗ്രാമ പഞ്ചായത്ത്)	XVFC/24-25/P/101/Dt. 11.03.2025	91502
		XVFC/24-25/P/125/Dt. 28.03.2025	988498
		XVFC/24-25/P/32/Dt. 30.03.2025	120000
GWD	5/25- മേക്കാറളം കുടിവെള്ള പദ്ധതി (കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത്)	XVFC/24-25/P/100/Dt. 11.03.2025	88,489
		XVFC/24-25/P/117/Dt. 24.03.2025	12,60,000
GWD	130/25- കപ്പാത്തി കുടിവെള്ള പദ്ധതി (വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്)	XVFC/24-25/P/55/Dt. 01.11.2024	1345500
		XVFC/24-25/P/56/Dt. 05.11.2024	149500
		ആകെ	5679137

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് , ജല അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 5679137/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (എൻകുയറി നമ്പർ: 06/14-01-2026)

1–11 വൃത്തി–2025–ദി ക്ലീൻ കേരള കോൺക്ലേവ് –വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/ പേര്	188/25-വൃത്തി-2025- ദി ക്ലീൻ കേരള കോൺക്ലേവ്
അടങ്കൽ	₹2,00,000-വികസന ഫണ്ട്
ചെലവ് & ബില്ല് നം	₹2,00,000-വികസന ഫണ്ട് (BRN No. 24200563007301677963/ തീ. 24.03.2025)

സംസ്ഥാനത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള നേട്ടങ്ങളെയെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2025 സംഘടിപ്പിച്ച 'വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ്" എന്ന മെഗാ ഇവന്റിന്റെ സംഘാടന ചെലവിലേക്കായി സ.ഉ. (സാധാ) നം.645/2025/LSGD തീയതി: 07-03-2025 പ്രകാരം ബ്ലോക്ക്പഞ്ചായത്ത് 2,00,000 രൂപ ശുചിത്വ മിഷന്റെ അക്കൗണ്ടിലേക്ക് (A/C No. 0046104000272292) കൈമാറിയിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നുമുള്ള പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻകുയറി നം. 06/14.01.2026)

1–12 RRF ലേക്ക് ഉപകരണങ്ങൾ വാങ്ങൽ – പദ്ധതി നടത്തിപ്പ് അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/ പേര്	പ്രൊ.നം.98/25-RRF കൾക്ക് ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹2,65,500- ധനകാര്യക്കമ്മീഷൻ ഗ്രാന്റ്
ചെലവ് & ബില്ല് നം	₹2,65,500 - /തീ. 24.03.2025)
വിതരണ സ്ഥാപനം	ഫ്ലോറേറ്റ് ടെക്നോളജീസ് , തിരുവനന്തപുരം Invoice No. FT M145/24-25 Dt. 14.03.2025

പരപ്പ ബ്ലോക്ക് പഞ്ചായത്തിലെ പോർക്കളം, പനത്തടി എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന RRF കളിൽ സ്ഥാപിക്കുന്നതിനായി ജെം മുഖേന 1000000/-രൂപ വിനിയോഗിച്ച് വാങ്ങിയ ഷ്രെഡ്ഡിംഗ് മെഷീനുകളുടെ (Pet Bottle Shredder) പാർട്ട് പേയ്മെന്റ് ഇനത്തിൽ മേൽ പ്രകാരം 2,65,500/-രൂപ ഫ്ളോറേറ്റ് ടെക്നോളജീസ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെ ടുകയുണ്ടായി.

1) പോർക്കളം , പനത്തടി RRF കളിൽ യന്ത്ര സാമഗ്രികൾ വാങ്ങലും അനുബന്ധ സൗകര്യം ഒരുക്കലും എന്ന പേരിൽ 1600000/-രൂപ ശുചിത്വ മിഷൻ വിഹിതം വകയിരുത്തി 2023-24 വർഷം പദ്ധതി (പ്രൊ.നം 157/24) ആവിഷ്കരിച്ചിരുന്നു . 2024-25 വർഷം സ്പിൽ ഓവർ പദ്ധതിയിൽ (പ്രൊ.നം 129/25) ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ശുചിത്വ മിഷൻ മിഷൻ ഫണ്ട് ലഭിക്കാത്തതിനാൽ പദ്ധതി സ്പിൽ ഓവറായി 2025-26 വർഷം തുടരുകയും ചെയ്തു . 2024-25 വർഷം പദ്ധതി പ്രകാരം ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങിയെങ്കിലും ശുചിത്വ മിഷൻ ഫണ്ട് ലഭിക്കാതെ വന്നതിനാൽ പുതിയ പ്രൊജക്ട് (പ്രൊ.നം.98/25) രൂപീകരിച്ച് ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും 2,65,500/-രൂപ വിതരണ സ്ഥാപനത്തിന് പാർട്ട് പേയ്മെന്റായി നൽകുകയാണുണ്ടായത് . എന്നാൽ പദ്ധതി പ്രകാരം വാങ്ങിയ ഷ്രെഡ്ഡിംഗ് മെഷീന് ചെലവായ 1000000/-രൂപ ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 30/10/2025ലെ നം.882/ എ/2025/ SM നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അലോട്ട്മെന്റായി അനുവദിക്കുകയും 2024-25 വർഷം പ്രൊ.നം.98/25 പ്രകാരം നല്കിയതിന്റെ ബാക്കി തുക 734500/-രൂപ 12/11/2025ന് വിതരണ സ്ഥാപനത്തിന് നല്കുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് മുമ്പേ മെഷീൻ വാങ്ങുകയും മറ്റൊരു പ്രൊജക്ട് വെച്ച് ധനകാര്യ ക്കമ്മീഷൻ ഗ്രാന്റിൽ നിന്നും പാർട്ട് പേയ്മന്റ് നൽകുകയും ചെയ്തത് ശരിയായ നടപടിക്രമമല്ല. മുൻ വർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചതിനാൽ ശുചിത്വ മിഷനിൽ നിന്നും ലഭ്യമായ അലോട്ട്മെന്റിൽ 2,65,500/-രൂപ നിലവിൽ വിനിയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഇക്കാര്യം ശുചിത്വമിഷനെ ധരിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

2) പദ്ധതി പ്രകാരം ഷ്രെഡ്ഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഷ്രെഡ്ഡിംഗ് മെഷീനുകളുടെ സംരക്ഷണം ഹരിത കർമ്മസേനയ്ക്ക് ഇതു വരെയും കൈമാറുകയോ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നല്കുകയോ ചെയ്തിട്ടില്ല. ഷ്രെഡ്ഡിംഗ് മെഷീനുകളുടെ പ്രവർത്തനത്തിനാവശ്യമായ തോതിൽ പ്ലാസ്റ്റിക് വേസ്റ്റ് RRF കളിൽ ലഭ്യമാണോ എന്നത് സംബന്ധിച്ച് വ്യക്തമായ കണക്കും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

പനത്തടി, പോർക്കളം RRF കളിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡ്ഡിംഗ് മെഷീനുകൾ പൂർണ്ണതോതിൽ പ്രവർത്തക്ഷമമാക്കുവാനും മെഷീനുകളുടെ സംരക്ഷണമുൾപ്പടെയുള്ള കാര്യങ്ങളിൽ വ്യക്തത വരുത്തുവാനും സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം നടത്തിയ 2,65,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം: 12/14.01.2026)

1-13 അപ്പാരൽ പാർക്ക് ഡി.പി.ആർ -കാസറഗോഡ് വികസന പാക്കേജിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/ പേര്	പ്രൊ.നം.116/25- അപ്പാരൽ പാർക്ക് ഡി.പി.ആർ തുക നൽകൽ
അടങ്കൽ	₹3,00,000- വികസന ഫണ്ട് (പൊതു വിഭാഗം)
ചെലവ് & ബില്ല് നം	₹ 300000 - /' ട്രഷറി ബിൽ നം.24200563007300261351 തീ. 24.03.2025)
കരാർ സ്ഥാപനം	'ടീം ബേഡകം കുടുംബശ്രീ അഗ്രോ

	ഫാർമേർസ് പ്രൊഡ്യൂസർ കമ്പനി

പരപ്പ ബ്ലോക്കിൽ കാസറഗോഡ് വികസന പാക്കേജ് സഹായം കൂടി ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അപ്പാരൽ പാർക്ക് ഡിസൈനിംഗ് സ്റ്റുഡിയോ & ട്രെയിനിംഗ് സെന്റർ എന്ന പദ്ധതിയുടെ ഡി പി ആർ തയ്യാറാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ടീം ബേഡകം കുടുംബശ്രീ അഗ്രോ ഫാർമേർസ് പ്രൊഡ്യൂസർ കമ്പനിഎന്ന സ്ഥാപനത്തിന് കരാർ നല്കുകയുണ്ടായി. ഇൻവോയ്സ് നം. Inv 98/ Dt.24.03.2023ന്റെ അടിസ്ഥാ നത്തിൽ പ്രസ്തുത സ്ഥാപനത്തിന് ഓഡിറ്റ് വർഷം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) കരാർ ഏറ്റെടുത്ത സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ കാസറഗോഡ് വികസന പാക്കേജ് അധികൃതർക്ക് സമർപ്പിച്ചുവെങ്കിലും വിശദമായ എസ്റ്റിമേറ്റ് സഹിതം പുന:സമർപ്പിക്കുവാൻ കാസറഗോഡ് വികസന പാക്കേജ് സ്പെഷ്യൽ ഓഫീസർ 07.11.2023ൽ നിർദ്ദേശം നല്കിയിരുന്നു. തുടർന്ന് പരപ്പ അപ്പാരൽ പാർക്ക് ഡിസൈൻ സ്റ്റുഡിയോ നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന 10.02.2025ൽ ചേർന്ന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ഡി.പി.ആർ അപൂർണ്ണവും ചില അപാകതകൾ ഉള്ളതുമായതിനാൽ ഇൻഡസ്ട്രീസ് വകുപ്പുമായി സംയോജിച്ച് DPR പുതുക്കി തയ്യാറാക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ വിശദമായ ടെക്നിക്കൽ സ്റ്റഡി നടത്തുവാനും മറ്റ് വകുപ്പുകളിൽ നിന്നുള്ള ഫണ്ടുകളുടെ ലഭ്യത പദ്ധതിയിൽ ഉറപ്പു വരുത്തുന്നതിനും യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശാനുസരണം DPRൽ ഭേദഗതി വരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.09.2025ലെ നം.- C 963/2022 നമ്പർ കത്ത് പ്രകാരം കാസറഗോഡ് വികസന പാക്കേജ് സ്പെഷ്യൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച DPR ന് നാളിതുവരെയും കാസറഗോഡ് വികസന പാക്കേജിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല.

2) അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായി വെള്ളരിക്കുണ്ട് താലൂക്കിലെ പരപ്പ വില്ലേജിൽ സർവ്വേ നം 155/പാർട്ടിൽപ്പെട്ട 0.2023 ഹെക്ടർ സർക്കാർ ഭൂമി ബ്ലോക്ക് പഞ്ചായത്തിന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് റവന്യൂ (യു) വകുപ്പ് സ.ഉ(സാധ)895/24/RD തി.7.3.2024 പ്രകാരം ഉത്തരവായിരുന്നു. മൂന്ന് വർഷത്തേയ്ക്കുള്ള പാട്ടത്തുക മുൻകൂറായി 2023-24 വർഷം സർക്കാരിലേയ്ക്ക് അടവാക്കുകയും ചെയ്തിരുന്നു. നടപ്പിലാക്കുവൻ ഉദ്ദേശിക്കുന്ന അപ്പാരൽ പാർക്ക് നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ/കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയും അധികൃതർ വിലയിരുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊപ്പോസലിന് കാസറഗോഡ് വികസന പാക്കേജിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

3) പ്രവൃത്തി ഏറ്റെടുത്ത കുടുംബശ്രീ സംരംഭമായ ടീം ബേഡകം കുടുംബശ്രീ അഗ്രോ ഫാർമേർസ് പ്രൊഡ്യൂസർ കമ്പനിക്ക് ഇത്തരം കൺസൾട്ടൻസി സേവനങ്ങൾ ഏറ്റെടുക്കുന്നതിനായുള്ള അനുമതി ലഭ്യമായത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവൃത്തി പരിചയവും കൃത്യമായി വിലയിരുത്താതെയാണ് കരാർ അനുവദിച്ചിട്ടുള്ളത്. കരാർ സ്ഥാപനം ലഭ്യമാക്കിയ DPRബ്ലോക്ക് പഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗം മുഖേന പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുവാനും ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

നിലവിൽ പുന:സമർപ്പിച്ചിട്ടുള്ള DPR- ന് കാസറഗോഡ് വികസന പാക്കേജിൽ നിന്നുമുള്ള അനുമതി ലാഭ്യമാവാത്ത സാഹചര്യത്തിൽ ചെലവ് തുക 300000/-രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് കാസറഗോഡ് വികസന പാക്കേജിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം: 12/14.01.2026)

1-14 വനിത സംരംഭകർക്ക് സബ്സിഡി നൽകൽ- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ	171/25	S120/25(സ്പിൽ ഓവർ)
പ്രോജക്ടിന്റെപേര്	വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ	വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ

	സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ	സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ
നിർവ്വഹണം	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ .	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ .
അടങ്കൽ	വികസന ഫണ്ട് 1674749 രൂപ. തനത് ഫണ്ട് 75251 രൂപ. മറ്റുള്ളവ 583333 രൂപ.	വികസന ഫണ്ട് 1875000 രൂപ
ചെലവ്	BRN 242005630082017109 28/25.03.25, 174749 രൂപ. BRN 0/24.03.2025, 75251 രൂപ. BRN242005630082016238 91/21.03.2025 , 350000 രൂപ. BRN242005630082017109 28/25.03.2025, 250000 രൂപ. BRN242005630082016345 30/ 22.03.2025, 350000 രൂപ. BRN242005630082016345 46/22.03.2025, 350000 രൂപ.	BRN 242005630082002929 81/16.05.24 1125000 രൂപ. BRN 242005630082002929 79/16.05.24 750000രൂപ.

പരപ്പ ബ്ലോക്ക് പരിധിയിൽ ചെറുകിട വ്യവസായ മേഖലയിലോ സേവന മേഖലയിലോ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും, അല്ലെങ്കിൽ നിലവിലുള്ളവ വികസിപ്പിക്കുന്നതിനും വനിതാ ഗ്രൂപ്പുകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2024-25 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 171/25,S120/25 എന്നിവ പ്രകാരം വനിതാ സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകൽ പ്രോജക്ടുകൾ പ്രകാരം 10 വനിതാ ഗ്രൂപ്പുകൾക്ക് സബ്സിഡി ഇനത്തിൽ 34,25,000 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വനിതാ ഗ്രൂപ്പിന്റെ പേര്	അനുവദിച്ച സബ്സിഡി തുക
1	പ്രകൃതി പാള പ്ലേറ്റ് നിർമ്മാണ യൂണിറ്റ്, പാടി	₹3,50,000
2	ശ്രേയസ് ഓൺലൈൻ സർവീസ്, കൊന്നക്കാട്	₹3,50,000
3	വിമൻസ് സ്റ്റൈൽ (ടെക്സ്റ്റൈൽസ്/ ഫാഷൻ),തട്ടുമ്മൽ	₹3,50,000
4	വരദായിനി അഗർബത്തി യൂണിറ്റ്,പനത്തടി	₹2,50,000
5	പ്രകൃതി പൗൾട്രി ഫാം,കല്ലപ്പള്ളി	₹2,50,000
6	മരിയ ക്ളോത്തിംഗ് മാനുഫാക്ചറിംഗ്, ബളാൽ	₹375000
7	മലയോരം കുടുബശ്രീ ഹോട്ടൽ ,ബളാൽ	₹375000
8	മാസ്റ്റർ സൈൻ , പനത്തടി	₹375000
9	സിഗ്നോറ, വെസ്റ്റ് എളേരി	₹375000
10	ഗ്രീൻ ലൈഫ് ,കള്ളാർ	₹375000

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മേൽപട്ടികയിലെ ക്രമ നമ്പർ (1) പ്രകാരമുള്ള ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിനായി വാങ്ങിച്ച മെഷിനുകൾ, അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങിയതിന്റെ കാഷ് ബിൽ, ഗ്രൂപ്പ് വാങ്ങിച്ച സാധനങ്ങൾ, മെഷിനറി എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) ക്രമ നമ്പർ 10 ഒഴികെയുള്ള സ്ഥാപനങ്ങൾ സംരംഭം തുടങ്ങുന്നതിന് വേണ്ടി അതാത് ഗ്രാമപഞ്ചായത്തിൽ നിന്നും എടുത്ത ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3)പദ്ധതിയുടെ നിലവിലെ പ്രവർത്തനവിവരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 9തീ.14.01.2026-ന് മറുപടി നല്കിയിട്ടില്ല. മുകളിൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ₹ 3,425,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1–15 എച്ച്.എം.സി. വരവ്–ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2010-ലെ കേരള പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം രൂപീകൃതമായിട്ടുള്ള ആശുപത്രി വികസന ഫണ്ടിന്റെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല. മേൽ പറഞ്ഞ ചട്ടത്തിലെ ചട്ടം 9(1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സ്സാമിനറോ, അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ, ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ട് മെമ്പർ-സെക്രട്ടറിക്കും പഞ്ചായത്തിനും നൽകേണ്ടതാണെന്നും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ള താലൂക്ക് ആശുപത്രി പൂടംകല്ലിന്റെ എച്ച്.എം.സി.യുടെ 2024-25 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകളും, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം വെള്ളരിക്കുണ്ടിന്റെ എച്ച്.എം.സി.യുടെ 2024-25 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകളും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഓഡിറ്റിന് വിധേയമാക്കിയിട്ടില്ലാത്ത വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്. വരവ് ചെലവ് കണക്കുകളും റജിസ്റ്ററുകളും തയ്യാറാക്കുമ്പോൾ ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ 18.01.2006 ലെ 42744/എം3/05/ആ.കു.വ കത്തിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് റിക്വിസിഷൻ നം: 9/08.01.2026)

1–16 'സ്ത്രീ പദവി പഠനം' പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ശിശു വികസന പദ്ധതി ഓഫീസർ ഐ.സി.ഡി.എസ് പരപ്പ അഡീഷണൽ
പ്രോജക്ട് നം.	SO 061/25
പ്രോജക്ടിന്റെ പേര്	സ്ത്രീ പദവി പഠനം
അടങ്കൽ	വികസന ഫണ്ട് (ജനറൽ) - 4,91,510/-രൂപ
ചെലവ് തുക	3,64,260/-രൂപ
ബിൽ റഫറൻസ് നമ്പർ, തീയതി	24200563008501357448, തീയ്യതി.20.02.2025, Rs.97,500/-
	24200563008501508398, തീയ്യതി.12.03.2025, Rs.5,900/-
	24200563008501512158, തീയ്യതി.12.03.2025, Rs.1,140/-
	24200563008501512203, തീയ്യതി.12.03.2025, Rs.1,200/-

	24200563008501499586, തീയ്യതി.11.03.2025, Rs.46,630/-
	24200563008501531486, തീയ്യതി.14.03.2025, Rs.76,410/-
	24200563008501531492 തീയ്യതി.14.03.20252025, Rs.48,700/-
	24200563008501634293, തീയ്യതി.22.03.2025, Rs.21,300/-
	24200563008501612122, തീയ്യതി.20.03.2025, Rs.65,480/-
ആകെ	3,64,260/-രൂപ

